**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4312** **12.11.2019-ൽ മറുപടിയ്ക്ക്**

**സ്ഥിര നിക്ഷേപം തിരികെ കിട്ടുന്നതിനായി സമർപ്പിച്ച പരാതി**

**ചോദ്യം** **മറുപടി**

| **ശ്രീ.മുരളി പെരുനെല്ലി** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| തൃശൂർ ജില്ലയിലെ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിൽ മൂത്തേടത്ത് വീട്ടിൽ ശ്രീ. എം. പി. സിദ്ധാർത്ഥൻ, യു. ബി. ബീന എന്നിവർ തൃശൂർ ജില്ലയിലെ കേച്ചേരി പ്രിയദർശിനി സഹകരണ ആശുപത്രി ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിക്ഷേപിച്ച സ്ഥിരനിക്ഷേപം തിരികെ കിട്ടുന്നതിനായി സമർപ്പിച്ച പരാതി സഹകരണസംഘം രജിസ്ട്രാർ തീർപ്പാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | തൃശൂർ ജില്ലയിലെ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിൽ മൂത്തേടത്ത് വീട്ടിൽ ശ്രീ. എം. പി. സിദ്ധാർത്ഥൻ, യു. ബി. ബീന എന്നിവർ തൃശൂർ ജില്ലയിലെ കേച്ചേരി പ്രിയദർശിനി സഹകരണ ആശുപത്രി ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിക്ഷേപിച്ച സ്ഥിരനിക്ഷേപം തിരികെ കിട്ടുന്നതിനായി സമർപ്പിച്ച പരാതി പരിശോധിച്ച് മുതൽ ഇനത്തിൽ ശ്രീ. എം. പി. സിദ്ധാർത്ഥന് 1,13,000/- രൂപയും, ശ്രീമതി. യു.ബി.ബീനയ്ക്ക് 1,00,000/- രൂപയും നൽകിയിട്ടുണ്ട്. എന്നാൽ നിക്ഷേപത്തിന് പലിശ നൽകിയിട്ടില്ല.<br><br>പരാതിക്കാർ രണ്ടുപേരും ടിയാൻമാരുടെ നിക്ഷേപത്തിന് നിക്ഷേപ രസീതിയിൽ സൂചിപ്പിച്ച 14% പലിശ വാർഷിക കൂട്ടുപലിശയായി ലഭിക്കണം എന്നാണ് ആവശ്യപ്പെടുന്നത്. സാമ്പത്തിക തകർച്ച നേരിട്ട പ്രിയദർശിനി സഹകരണ ആശുപത്രി പ്രവർത്തനരഹിതമായതിനെ തുടർന്ന് സംഘത്തിന്റെ കൈവശമുള്ള 2 ഏക്കർ സ്ഥലവും കെട്ടിടവും ടി സംഘത്തിന്റെ ബാദ്ധ്യതകളും കൺസ്യൂമർ ഫെഡറേഷൻ ഏറ്റെടുത്തിരുന്നു. സഹകരണ സംഘത്തിലെ മറ്റ് എല്ലാ നിക്ഷേപകർക്കും നിക്ഷേപ കാലാവധി കഴിയുന്നതുവരെ രസീതി പ്രകാരമുള്ള പലിശയും തുടർന്ന് കൺസ്യൂമർ ഫെഡ് ഏറ്റെടുക്കുന്നതുവരെ മുതൽ സംഖ്യക്ക് 8% സാധാരണ പലിശയുമാണ് നൽകിയിട്ടുള്ളത്. നിക്ഷേപകർക്ക് തുക ലഭിച്ചില്ല എന്ന പരാതി പരിഹരിക്കുന്നതിന്റെ ഭാഗമായി 26.06.2013-ന് തൃശ്ശൂർ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ ഹിയറിംഗ് നടത്തുകയും, പ്രസ്തുത ഹിയറിംഗിൽ ഹർജിക്കാരായ ശ്രീമതി. യു.ബി.ബീനയും ഭർത്താവ് സിദ്ധാർത്ഥനും ഒഴികെ ഹാജരായ മറ്റെല്ലാ നിക്ഷേപകരും ഫിക്സഡ് ഡെപ്പോസിറ്റിന്റെ കാലാവധി കഴിയുന്നതുവരെ നിക്ഷേപ രശീതിയിലെ പലിശയും ആയതിന് ശേഷം മുതൽ സംഖ്യ തിരികെ നൽകുന്നതു വരെ 8% പലിശയിൽ സ്വീകരിച്ച് കണക്ക് അവസാനിപ്പിക്കുന്നതിന് തീരുമാനമെടുത്തിരുന്നു. ടി |

| | | |
|---|---|---|
| | | ഹിയറിംഗിൽ മേൽ ഹർജിക്കാർക്കുവേണ്ടി ഹാജരായ വ്യക്തി മേൽ പ്രകാരമുള്ള തുക കൈപ്പറ്റുന്നതിന് സമ്മതമല്ല എന്ന് അറിയിച്ചിരുന്നു. ആയതിനാൽ കൺസ്യൂമർ ഫെഡറേഷൻ ഏറ്റെടുത്ത ബാധ്യതയുടെ പട്ടികയിൽ ശ്രീമതി. യു.ബി ബീനക്ക് നൽകാനുള്ള തുക ഉൾപ്പെട്ടിരുന്നില്ല. മറ്റ് നിക്ഷേപകർക്ക് നൽകിയ പോലെ 8% സാധാരണ പലിശ മാനദണ്ഡത്തിൽ തുക സ്വീകരിക്കാൻ പരാതിക്കാർ തയ്യാറാണ് എങ്കിൽ കൺസ്യൂമർ ഫെഡ് മാനേജിംഗ് ഡയറക്ടർ, ജോയിന്റ് രജിസ്ട്രാർ (ജനറൽ), പ്രിയദർശിനി ആശുപത്രി സഹകരണ സംഘത്തിന്റെ സെക്രട്ടറി എന്നിവരടങ്ങിയ ബാധ്യത തിട്ടപ്പെടുത്തുന്നതിനായി രൂപീകരിച്ച സബ്കമ്മിറ്റി വിളിച്ചുചേർത്ത് തീരുമാനം കൈക്കൊണ്ട് തുക നൽകാൻ കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**